**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 358** — **06-08-2021 - ൽ മറുപടിയ്ക്ക്**

**പരിവർത്തനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ സാമൂഹ്യ സാമ്പത്തിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന പരിവർത്തനം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കൊല്ലം ജില്ലയിലെ മത്സ്യമാർക്കറ്റ് കേന്ദ്രീകരിച്ച് മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനായി, പൈലറ്റ് പ്രോജക്ട് എന്ന രീതിയിലാണ് 'പരിവർത്തനം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തി സമീപ ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പുതിയ സംരംഭങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് കൊല്ലം ജില്ലയിലെ മത്സ്യമാർക്കറ്റ് കേന്ദ്രീകരിച്ച് മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനായി, പൈലറ്റ് പ്രോജക്ട് എന്ന രീതിയിലാണ് 'പരിവർത്തനം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തി സമീപ ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | മത്സ്യത്തിന്റെയും അതിന്റെ മൂല്യവർധിത ഉല്പന്നങ്ങളുടെയും വിപണനത്തിനായി സംസ്ഥാനത്തുടനീളം വിൽപ്പനശാലകളും ഓൺലൈൻ ഹോം ഡെലിവറിയും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. മത്സ്യത്തിന്റെയും, മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെയും വിപണനത്തിനായി മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് തുടങ്ങിയ ഏജൻസികൾ മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഗുണമേൻമയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി സംസ്ഥാന സർക്കാർ സഹായത്തോടുകൂടി ആധുനിക രീതിയിലുള്ള എയർകണ്ടീഷനിംഗ് സംവിധാനത്തോടുകൂടിയ 47 മത്സ്യഫെഡ് ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ച വരുന്നു. കൂടാതെ സഹകരണ സംഘം/ ബാങ്കുമായി ചേർന്ന് 53 ഫ്രാഞ്ചൈസി മാർട്ടുകളും, 10 സഞ്ചരിക്കുന്ന മത്സ്യ വില്പനശാല (അന്തിപച്ച യൂണിറ്റ്) കളും പ്രവർത്തിക്കുന്നു. കൂടാതെ പദ്ധതിയിലുൾപ്പെടുത്തി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മൊബൈൽ ആപ്പിലൂടെ ഓൺലൈനായി ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിക്കുന്നതാണ്. മത്സ്യത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തി മത്സ്യവിപണനത്തിനായി സാഫ് വഴി CIFT മുഖേന നിർമ്മിച്ച 20 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ നൽകുന്ന പദ്ധതിയിൽ 16 കിയോസ്കുകൾ നിലവിൽ മത്സ്യത്തൊഴിലാളി വനിതകൾക്ക് നൽകി കഴിഞ്ഞു. കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് CIFT മുഖേന ഈ സാമ്പത്തിക വർഷത്തിൽ 2 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന 26 ഗ്രൂപ്പുകൾക്ക് ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംങ് കിയോസ്കുകൾ വിതരണം ചെയ്യുന്നതാണ്. |
| (ഡി) | പരിവർത്തനം എന്ന പദ്ധതി പരമ്പരാഗത മത്സ്യബന്ധന മേഖലയ്ക്ക് സഹായകമാവുന്ന വിധത്തിലും ഹരിത സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കുന്ന തരത്തിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | (ഡി) | 'പരിവർത്തനം' പദ്ധതിയിലുൾപ്പെടുത്തി മൂല്യ വർദ്ധിത മത്സ്യ ഉൽപ്പന്ന നിർമ്മാണത്തിനായി മത്സ്യത്തൊഴിലാളി കളിൽ നിന്നും നേരിട്ട് മത്സ്യം ശേഖരിക്കുന്നു. ഇത് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തിന് ന്യായ വില ഉറപ്പാക്കാൻ സഹായകരമായിരിക്കും. മത്സ്യം മെച്ചപ്പെട്ട ശീതികരണ സംവിധാനമുള്ള ഇൻസുലേറ്റഡ് ഐസ് പെട്ടികളിലാക്കി സൂക്ഷിക്കുന്നതിനും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മത്സ്യം കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം തൊഴിലാളികൾക്ക് നൽകുന്നതാണ്. ഈ പദ്ധതിയുടെ തുടക്കം എന്ന നിലയിൽ കൊല്ലം കേന്ദ്രീകരിച്ചുള്ള ആധുനിക മത്സ്യമാർക്കറ്റ് കേന്ദ്രമാക്കി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ (ICAR-CIFT) സാങ്കേതിക ഉപദേശങ്ങൾക്കനുസൃതമായി പ്രോസസ്സിംഗ് സെന്ററും, അതിലേക്കാവശ്യമായ വനിതകൾക്കുള്ള സാങ്കേതിക പരിശീലന പരിപാടിയും പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയിലുൾപ്പെടുത്തി ഉൽപ്പാദിപ്പി ക്കുന്ന ചില പ്രത്യേക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പൂർണ്ണമായും (ICAR-CIFT) -ന്റെ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ളതാണ്. |

സെക്ഷൻ ഓഫീസർ